സർക്കാർ വി. എച്ച്. എസ്. സി. സ്കൂളുകളിലെ ഒഴിവുകൾ

187 [1550] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര ഗവൺമെൻറ് വി. എച്ച്. എസ്. സി. സ്കൂളുകൾ ഉണ്ട്; അവയുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) ഈ സ്കൂളുകളിൽ വൊക്കേഷണൽ-നോൺ വൊക്കേഷണൽ തസ്തികകളിൽ എത്ര വേക്കൻസികൾ നിലവിലുണ്ടെന്നുള്ളതിന്റെ വിഷയം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഈ വേക്കൻസികൾ മുഴുവൻ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

ഉത്തരം

(എ) 247 ഗവൺമെൻറ് വി. എച്ച്. എസ്. സ്കൂളുകളുണ്ട്. ലിസ്റ്റ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. †

(ബി) അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു. †

(സി) ഉണ്ട്.

സ്കൂൾ ലൈബ്രറി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ പദ്ധതികൾ

188 [1555] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ലൈബ്രറി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദവിവരങ്ങൾ വെളിപ്പെടുത്താമോ;

(ബി) എല്ലാ ഹയർ സെക്കൻറി സ്കൂളുകളിലും ഹൈസ്കൂളുകളിലും ലൈബ്രേറിയൻറെ തസ്തിക അനുവദിക്കുമോ?

ഉത്തരം

(എ) വായനയുടെ പ്രാധാന്യം വിദ്യാർത്ഥികളിലും രക്ഷിതാക്കളിലുമെത്തിക്കുക, വിദ്യാർത്ഥികളെ അതിന് പ്രാപ്തരാക്കുക, സ്കൂൾ ലൈബ്രറികൾ പുനരുദ്ധരിക്കുക, എല്ലാ സ്കൂളിലും ലൈബ്രറിക്ക് പ്രത്യേക മുറി/ഹാൾ ഒരുക്കുക, ലൈബ്രറി പുസ്തകങ്ങൾ സമാഹരിക്കുക, ലൈബ്രറിക്ക് പ്രത്യേക പിരീഡ് അനുവദിക്കുക. പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, ക്ലബ്ബുകൾ, ലയൺസ്-റോട്ടറി ക്ലബ്ബുകൾ, പി. ടി. എ., എം. ടി. എ., ഒ. എസ്. എ., ബാങ്കുകൾ, വ്യാപാര സ്ഥാപനങ്ങൾ തുടങ്ങിയവയുടെ പങ്കാളിത്തത്തോടെ പുസ്തകം, ഫർണിച്ചർ എന്നിവ സമാഹരിക്കുക, പത്രപ്രസിദ്ധീകരണങ്ങൾക്ക് സ്പോൺസർഷിപ്പ് ശേഖരിക്കുക, വായനക്കളരി, വായനാമത്സരം, സാഹിത്യ ചർച്ചകൾ എന്നിവ സംഘടിപ്പിക്കുക സ്കൂളുകളിൽ ഡിജിറ്റൽ, റഫറൻസ് ലൈബ്രറികൾ സ്ഥാപിക്കുക, യൂണിവേഴ്സിറ്റി

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കളുടെ സഹകരണത്തോടെ ലൈബ്രറി സയൻസിലും മാനേജ്മെൻറിലും ടീച്ചർ–ലൈബ്രേറിയന് പരിശീലനം നൽകുക. എസ്. എസ്. എ. ഫണ്ടിൽനിന്നും യു. പി. സ്കൂളിന് 2000 രൂപയും എൽ. പി. സ്കൂളിന് 1000 രൂപയും റഫറൻസ് ഗ്രന്ഥങ്ങൾ വാങ്ങുന്നതിന് ഗ്രാൻറ് നൽകുക, പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ സ്കൂളുകളിൽ ലഭ്യമാക്കുക ഇവയാണ് സ്കൂൾ ലൈബ്രറികളുടെ നവീകരണത്തിനായി നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രധാന കാര്യങ്ങൾ.

(ബി) സാമ്പത്തിക ബാദ്ധ്യതയുള്ള കാര്യമായതിനാൽ തൽക്കാലം നിവൃത്തിയില്ല.

## കൊണ്ടോട്ടി വാഴക്കാട് ഐ. എച്ച്. ആർ. ഡി. യുടെ കീഴിലുള്ള ടെക്നിക്കൽ സ്കൂൾ അപ്ലൈഡ് സയൻസ് കോളേജാക്കി മാറ്റാൻ നടപടി

189 [1558] ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ വാഴക്കാട് ഐ. എച്ച്. ആർ. ഡി. യുടെ കീഴിലുള്ള ടെക്നിക്കൽ സ്കൂൾ അപ്ലൈഡ് സയൻസ് കോളേജാക്കി മാറ്റണമെന്ന ശക്തമായ ആവശ്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ ആൻറ് ബി) 2005-06 അദ്ധ്യയന വർഷത്തിൽ ഐ. എച്ച്. ആർ. ഡി. യുടെ കീഴിൽ വാഴക്കാട് ഒരു അപ്ലൈഡ് സയൻസ് കോളേജ് സ്ഥാപിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ കോളേജ് താൽക്കാലികമായി വാഴക്കാട് ടെക്നിക്കൽ ഹയർ സെക്കൻററി സ്കൂൾ കാമ്പസിൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കോളേജിനെ കോഴിക്കോട് യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്യുന്നതിനുള്ള നടപടികളും പൂർത്തിയായി വരുന്നു.

## യു. ജി. സി. സ്പെഷ്യൽ ഓഫീസർ

190 [1559] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെൻറ് കോളേജുകളുടെ വികസനത്തിന് യു. ജി. സി. യുമായി നേരിട്ട് ബന്ധം പുലർത്തിയിരുന്ന സ്പെഷ്യലാഫീസറുടെ തസ്തിക നികത്തുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഈ തസ്തികയിൽ എന്നു മുതലാണ് ഒഴിവു വന്നത്;

(സി) ഈ തസ്തിക ഒഴിഞ്ഞു കിടക്കുന്നതുമൂലം ഫാക്കൽറ്റി ഇംപ്രൂവ്മെൻറ് പ്രോഗ്രാമിന് പോകുന്ന അദ്ധ്യാപകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly